പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2889 **29-10-2026-ൽ മറുപടിയ്ക്ക്**

പൂലാക്കോട് കലുങ്ക് പുനർനിർമ്മിക്കുവാൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. യു. ആർ. പ്രദീപ് ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) ചേലക്കര മണ്ഡലത്തിലെ ചേലക്കര-എളനാട് പി.ഡബ്ല്യു.ഡി റോഡിൽ പൂലാക്കോടുള്ള കലുങ്ക് കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലാണെന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്ലാബിന്റെ റീഇൻഫോഴ്സ്മെന്റ് സ്റ്റീൽ തുരുമ്പിച്ച നിലയിൽ പുറത്തേയ്ക്ക് ദൃശ്യമാണ്. കൂടാതെ അബട്ട്മെന്റിലും (Abutment) കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്.

(ബി) വൻ ഗതാഗതതിരക്കുള്ള പ്രസ്തുത റോഡിൽ സമീപ പ്രദേശങ്ങളിലെ കരിങ്കൽ ക്വാറികളിൽ നിന്നുള്ള ഭാരമേറിയ ടോറസ്സ് വാഹനങ്ങളും കടന്നുപോകുന്നുവെന്നത് കണക്കിലെടുത്ത് അപകട സാധ്യത ഒഴിവാക്കുന്നതിനായി പ്രസ്തുത കലുങ്ക് അടിയന്തരമായി പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

മറുപടി: അപകട സാധ്യത ഒഴിവാക്കുന്നതിനായി പ്രസ്തുത കലുങ്ക് പുന:നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) എങ്കിൽ ആയത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

മറുപടി: PWD/RB/EST16472/2026 എന്ന PRICE ID യിൽ Rs.75 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു

സെക്ഷൻ ഓഫീസർ